ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉവ്വ്. വ്യവസായഡിപ്പാർട്ടുമെന്റിന്റെ കീഴിലെ ബാക്കിയുള്ള സകല ഡിപ്പാർട്ടുമെന്റുകളുടേയും സംയോജനം പൂർത്തിയായി.

(ബി) സർവ്വീസ് സംയോജനംകൂടി പൂർത്തിയായല്ലാതെ സംഖ്യ നിജപ്പെടുത്തുവാൻ സാദ്ധ്യമല്ല.

ഹോമിയോ ഗ്രാന്റുകൾ

*൨൨൫൬. (നൂർ) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഡിസ്പെൻസറികൾക്ക് ഗ്രാന്റുകൾ നൽകി സഹായിക്കാൻ ഹോമിയോപ്പതി ഡാക്ടർമാരിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകർ ആരെല്ലാം;

(സി) ഇവരിൽ ആർക്കെങ്കിലും ഗ്രാന്റ് നൽകിവരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ യഥാക്രമം എത്ര ഉറപ്പിക്കുന്നു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) (൧) ശ്രീ. പി. ടി. കുരിയൻ, ദി എച്ച്. എ. ഡിസ്പെൻസറി, ചേലക്കര, (൨) ശ്രീ. പി. എം. നായർ, സിക്രട്ടറി, ആൾ തിരുവിതാംകൂർ ഗാന്ധി സേവാസംഘം, ചമ്പക്കുളം, (൩) ശ്രീ. എസ്സ്. കെ. പടിയാർ, പ്രിൻസിപ്പാൾ, ദി റോയൽ കോളേജ് ഓഫ് ഹോമിയോപ്പതിക് ഫിസിഷ്യൻസ്, എറണാകുളം, (൪) ശ്രീ. ഡബ്ലിയു. സി. അബ്രഹാം, ഡയറക്ടർ, സെൻറ് ജോസഫ്സ് പൂവർ ഡിസ്പെൻസറി, എറണാകുളം.

(സി) ഇവരിൽ ൧-ം, ൪-ം നമ്പർകാർക്ക് ഗ്രാന്റ് ഉടൻ നൽകുവാൻ അനുവദിച്ചിട്ടുണ്ട്.

(ഡി) ഓരോ സ്ഥാപനത്തിനും കൊല്ലത്തിൽ ൨൦൦ രൂ. വീതം.

ജഡ്ജിമാർ

*൨൨൫൭. (൧൨) ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തു് ഹൈക്കോടതി ജഡ്ജിമാരായിരുന്ന ശ്രീ. ഹബീബു് മഹമ്മദ്, ശ്രീ. ഗോവിന്ദമേനോൻ എന്നിവർ ഇപ്പോൾ സർവ്വീസിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) & (ബി) രണ്ടുപേർക്കും പെൻഷനു പ്രാരംഭമായ അവധി അനുവദിച്ചിട്ടുണ്ട്. അവരുടെ പെൻഷൻ അപേക്ഷകൾ ഗവൺമെണ്ടിലേക്ക് ലഭിച്ചിട്ടില്ല.

തിരുവിതാംകൂർ റയൺസ് കമ്പനി

*൨൨൫൯ (൧൩) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ റയൺസ് കമ്പനിക്ക് ഗവൺമെണ്ടിൽനിന്നും എത്ര രൂപയുടെ ലോൺ കൊടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തു പലിശക്കാണ് പണം കൊടുത്തിരിക്കുന്നത്;
(സി) ഗവണ്മെണ്ടെടുത്തിട്ടുള്ള ഷെയറിന്റെ ആകെ തുക എത്ര;
(ഡി) ഒരു ഷെയറിന്റെ ഇപ്പോഴത്തെ വിലയെന്താണ്?

വ്യവസായവും ഫിഷറീസും തദ്ദേശസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ കുഞ്ഞുരാമൻ):

(എ) ഒന്നു ലക്ഷം രൂപാ.
(ബി) 8 ശതമാനം.
(സി) 10 ലക്ഷം രൂപാ.
(ഡി) പ്രിഫറൻസ് ഷെയറിന് 4 രൂപയും, സാധാരണ ഷെയറിന് 8 രൂപയും.

പണപ്പിരിവ്

* 1 1 8 വ്യ. (സ 0) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സഭയിൽ മറുപടി നൽകുമോ.—

കൊടുങ്ങല്ലൂർ താലൂക്കിൽ ശ്രീംഗപുരം തോട്ടിൽ വഞ്ചികം കടത്തിയിട്ടുന്നതിനു പണം പിരിക്കുവാൻ ഏറ്റിരിക്കുന്ന തോട്ടു ലേലക്കാരൻ വഞ്ചിക്കാരോട് അക്രമമായിട്ടാണ് പണം പിരിക്കുന്നതെന്നു 26—9—1950-ലെ എക്സ്പ്രസ്സ് പത്രത്തിൽ കണ്ട റിപ്പോർട്ടിനെക്കുറിച്ചു ഗവണ്മെണ്ട് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഗവണ്മെണ്ടു നടപടി നടത്തിയിട്ടില്ല. കലക്ടർ നടപടി നടത്തിയിട്ടുണ്ടോ എന്നന്വേഷിക്കുന്നുണ്ട്.

Questions posted for answer on 28—10—1950

നാരായണമംഗലം റോഡു പണി

* 1 1 8 ൻ. (ന്യൂ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂരിലെ നാരായണമംഗലം റോഡുപണിക്ക് അനുവദിച്ചിരിക്കുന്ന സംഖ്യയെത്ര;
(ബി) അതിൽ എത്ര സംഖ്യ ചിലവുചെയ്തു;
(സി) വേല പൂർത്തിയായോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) മുതൽ (സി) വരെ) പൊതുമരാമത്തുവകുപ്പു ഡിപ്പാർട്ടുമെണ്ടിന്റെ മേൽനോട്ടത്തിലല്ല ഈ പണി നടക്കുന്നതു. പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിന്റെ അധീനത്തിലാണ് ഈ പണി നടന്നുവരുന്നതു.

കടലാക്രമണംകൊണ്ടുള്ള നഷ്ടം

* 1 1 8 0. (9 0) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ.—

(എ) മകരം 29-ാം തീയതി രാത്രിയിലുണ്ടായ കടലാക്രമണംമൂലം കൊടുങ്ങല്ലൂരിലെ ചില മത്സ്യത്തൊഴിലാളികളുടെ വഞ്ചികൾക്കും മറ്റും കേടുപാടുകൾ സംഭവിച്ചു വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly